# 28.07.2016ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 28.07.2016ന് 2.30 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ബുഷ്റ ഷെബീർ | 5 |
| 5 | കെ.വി. രാജസുലോചന | 6 |
| 6 | ചന്ദ്രിക.കെ | 7 |
| 7 | ടി.വി. മുംതാസ് | 8 |
| 8 | പി. റംല ടീച്ചർ | 9 |
| 9 | അലവി തൈക്കാട്ട് | 10 |
| 10 | ടി.പി. സുബൈർ | 11 |
| 11 | അബ്ദുൾ റഹീം (നാണി) | 12 |
| 12 | ടി.വി. സുലൈഖബി | 13 |
| 13 | കെ.കെ. നാസർ | 14 |
| 14 | ജമീല അബു | 15 |
| 15 | റംല കറുത്തേടത്ത് | 16 |
| 16 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 17 | നന്ദകുമാർ പള്ള്യാൽ | 18 |
| 18 | അബ്ദുറഹ്മാൻ.കെ.വി. | 19 |
| 19 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 20 | വേളക്കാടൻ ലൈല റഷീദ് | 21 |
| 21 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 22 | കെ. ഗിരിജ | 23 |
| 23 | സൈതലവി | 24 |
| 24 | അമരിയിൽ ആഷിത റസാഖ് | 25 |
| 25 | ജിനി | 26 |
| 26 | വഹീദ ഖലീൽ | 27 |
| 27 | അബ്ദുള്ളകുട്ടി | 28 |
| 28 | അഹമ്മദ് മണ്ടായപ്പുറം | 29 |
| 29 | കെ. കമലാക്ഷി | 30 |
| 30 | സാജിദ് മങ്ങാട്ടിൽ | 31 |
| 31 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ, ഇംപ്ലിമെന്റിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. A1-10831/15

2015-16 വർഷത്തെ AFS അംഗീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

2015-16 വർഷത്തെ AFS അംഗീകരിച്ചു.

## 2. G1-9005/16

നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു പി.ടി. ടീച്ചറെയും ഡ്രോയിംഗ് ടീച്ചറെയും തനതുഫണ്ടുപയോഗിച്ച് നിയമിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** നഗരകാര്യ ഡയറക്ടറുടെ 21/0 q5/2016ലെ E6-8428/2016 നമ്പർ കത്ത് പ്രകാരം ടി വിഷയം സംബന്ധിച്ച് കൗൺസിൽ റിപ്പോർട്ട്, ബജറ്റിൽ തുക വകയിരുത്തിയതിന്റെ വിവരം എന്നിവ അറിയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

**തീരുമാനം**

നഗരസഭയിലെ മുഴുവൻ സ്കൂളുകളിലേക്കും റൊട്ടോഷൻ വ്യവസ്ഥയിൽ ദിവസവേതനയടിസ്ഥാനത്തിൽ ഒരു പി.ടി. ടീച്ചറെയും ഡ്രോയിംഗ് ടീച്ചറെയും തനതുഫണ്ടുപയോഗിച്ച് നിയമിക്കുന്നതിന് അനുവാദം നൽകാൻ സർക്കാറിനോട് ആവശ്യപ്പെടാനും തുക ബജറ്റിൽ വകയിരുത്താനും തീരുമാനിച്ചു.

## 3. G1-12657/11

കോട്ടക്കൽ നഗരസഭയിലേയ്ക്ക് ICAI ട്രെയിനിയായി ശ്രീമതി. സാബിറ.എം, മാളിയേക്കൽ ഹൗസ്, ആട്ടീരി, കോട്ടക്കൽ എന്നവരെ ശുപാർശ ചെയ്തുകൊണ്ടുള്ള ICAI of Indian, Kochin Chapterന്റെ 25.05.2016ലെ KOCHI/PFD-9/2016-17 കത്ത് പ്രകാരം ടിയാരി 26.05.2016 മുതൽ ട്രെയിനിംഗിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം ടിയാരിയെ 26/05/2016 മുതൽ ട്രെയിനിയായി നിയമിച്ച ഓഫീസ് നടപടി കൗൺസിൽ അംഗീകാരത്തിനായി.

**കുറിപ്പ്:**1) ട്രെയിനികൾക്ക് ഒന്നാം വർഷം 3500/-രൂപ രണ്ടാം വർഷം 4000/-രൂപ, മൂന്നാം വർഷം 4500/-രൂപ സ്റ്റൈപ്പന്റായി അനുവദിക്കേണ്ടതുണ്ട്.

**തീരുമാനം**

അംഗീകരിച്ചു., കൂടാതെ ICAI of Indian, Cochin Chapterന്റെ 25.07.2016 ലെ KOCHI/HFT-9/2016-17 നമ്പർ പ്രകാരം 26.07.2016 മുതൽ ICWAI ട്രെയിനിയായി ശ്രീ. മുഹമ്മദ് സാദിഖ്, ഒടായപ്പുറത്ത് ഹൗസ്, രണ്ടത്താണി പി. ഒ. എന്നവരെ നിയോഗിച്ച നടപടിയും അംഗീകരിച്ചു. നിയമാനുസൃതം സ്റ്റൈപെന്റ് അനുവദിക്കുവാൻ തീരുമാനിച്ചു.

## 4. H1-9418/16

കോട്ടക്കൽ നഗരസഭയിലെ 21-ാം വാർഡിൽ കോട്ടൂരിൽ താമസിക്കുന്ന ശ്രീ. പി.എം. നാരായണൻ എന്നവർ ലാബ്രിഡോർ ഇനത്തിൽപ്പെട്ട പട്ടിക്കുട്ടിക്ക് ലൈസൻസ് അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) പട്ടിക്കുട്ടിയെ വളർത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വാക്സിനേഷൻ നടത്തിയ സർട്ടിഫിക്കറ്റ് (കോപ്പി) ഹാജരാക്കിയിട്ടുണ്ടെന്നും HI റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പട്ടികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നിലവിൽ ബൈലോ നഗരസഭയിൽ നിലവിലില്ലാത്തതിനാൽ ലൈസൻസ് ഫീസ് നിശ്ചയിക്കാവുന്നതാണ്.

**തീരുമാനം**

250/- രൂപ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിക്കാൻ തീരുമാനിച്ചു. തുടർന്ന് നിയമാനുസൃതമായി ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും 250/-രൂപ വീതം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുവാൻ തീരുമാനിച്ചു.

## 5. H1-6798/16

കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ 21/03/2016ലെ PCB/TAC/CPCB/TUS/1006/15 നമ്പർ കത്തും 7/7/2015ലെ PCB/TAC/CPCB/TUS/1006/15 നമ്പർ നിർദ്ദേശവും കൗൺസിന്റെ പരിഗണനയ്ക്ക്.

**കുറിപ്പ്:** നഗരസഭയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൗൺസിൽ മുമ്പാകെ വെക്കാവുന്നതാണ് എന്ന് എം. ഇ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം**

സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 6. R3-8107/16

കോട്ടക്കൽ നഗരസഭയിലെ പുതിയ സീനത്ത് ടെക്സ്റ്റൈയിൽസിന് സമീപമുള്ള റി.സ. നമ്പർ 121/12 സ്ഥലത്ത് പേ പാർക്കിംഗ് അനുവദിക്കുന്നതിനായി വടക്കൻ ബീരാൻ കുട്ടി എന്നവരുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

ലൈസൻസ് ഫീ 3000/-രൂപ ഈടാക്കി ഒരു വർഷത്തേക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

## 7. R3-9215/16

കോട്ടക്കൽ നഗരസഭ ഓഫീസിന് അടുത്ത് ബി.എച്ച് റോഡിൽ സർവ്വെ നമ്പർ 189/1 സ്ഥിതി ചെയ്യുന്ന ഒരു ഏക്കർ സ്ഥലത്ത് പേ പാർക്കിംഗ് അനുവദിക്കണമെന്ന ഡോ.പി കമലം & പ്രസാദ് പി എന്നവരുടെ 6/6/2016ലെ 9215/16 നമ്പർ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** സ്മാർട്ട് ട്രേഡ് സിറ്റിക്കടുത്ത് പേ പാർക്കിംഗ് അനുവദിക്കുന്നതിന് പാലേരി മുഹമ്മദ് കുട്ടി എന്നവർക്ക് ലൈസൻസ് ഫീ 3000/-രൂപ ഈടാക്കി അനുവദിക്കുന്നതിന് 30.06.2016ലെ 8-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്.

**തീരുമാനം**

ലൈസൻസ് ഫീ 3000/-രൂപ ഈടാക്കി ഒരു വർഷത്തേക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

## 8. R4-12990/11

1) സംഗീത് മൂവീസ് 6/6/2016 മുതൽ 5/07/2017 വരെ പ്രദർശനം മെയിന്റനൻസിന് വേണ്ടി നിർത്തിവെച്ചതിനാൽ പ്രസ്തുത ദിവസങ്ങളിലെ (30 ദിവസം) കോമ്പൗണ്ടിംഗ് ഫീ ഒഴിവാക്കി 06/07/2016 മുതൽ 05/08/2016 വരെയുള്ള കോമ്പൗണ്ടിംഗ് തുകയായ 66371/-രൂപ അടവാക്കാൻ അനുവദിക്കണമെന്ന 27/06/2016ലെ 10054/16 നമ്പർ അപേക്ഷ പരിഗണനയ്ക്ക്

2) ലീന തിയേറ്റർ സ്കീൻ-I 21/06/2016 മുതൽ 05/07/2016 വരെ പ്രദർശനം നിർത്തി വെച്ചിരിക്കുകയാണെന്നും ആയതിനാൽ 11 ദിവസത്തെ കോമ്പൗണ്ടിംഗ് തുക ഒഴിവാക്കിത്തരണമെന്ന 27/06/2016ലെ 10076/16 നമ്പർ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

3) ലീന തിയേറ്റർ സ്കീൻ-II 2016 ജൂലൈ ഒന്നുമുതൽ സെപ്തംബർ 31 വരെയുള്ള മൂന്നുമാസത്തെ തുക കോമ്പൗണ്ട് ചെയ്തുതരണമെന്ന 28/06/2016ലെ 10087/16 നമ്പർ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:**1) മേൽ ദിവസങ്ങളിൽ പ്രദർശനം നടന്നിട്ടില്ല എന്ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

2) ലീന തീയേറ്റർ സ്ക്രീൻ I 24/06/2016 വരെ കോമ്പൗണ്ടിംഗ് തുക അടവാക്കിയിട്ടുള്ളതാണ്.

3) ലീന തിയേറ്റർ സ്ക്രീൻ -II ന്റെ നിലവിലെ കോമ്പൗണ്ടിംഗ് തുക 28538/-രൂപയാണ്.

**തീരുമാനം**

1. അംഗീകരിച്ചു.
2. അംഗീകരിച്ചു.
3. നിലവിലുള്ള നിരക്കിൽ തന്നെ 2016 ജൂലൈ ഒന്നുമുതൽ സെപ്തംബർ 31 വരെയുള്ള മൂന്നുമാസത്തെ വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് അനുവദിക്കാൻ തീരുമാനിച്ചു.

## 9. R4-12990/11

ലീന തിയേറ്റർ സ്ക്രീൻ-I ന്റെ ജൂലൈ, ആഗസ്റ്റ്, സെപ്തംബർ എന്നീ 3 മാസത്തെ ഇ.ടി കോമ്പൗണ്ട് ചെയ്തു തരണമെന്ന ലീന തിയോറ്റർ മാനേജറുടെ 13/07/2016ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** ലീന തിയേറ്റർ സ്ക്രീൻ -I ന്റെ നിലവിലെ കോമ്പൗണ്ടിംഗ് തുക 66647/-രൂപയാണ്.

**തീരുമാനം**

നിലവിലുള്ള നിരക്കിൽ തന്നെ 2016 ജൂലൈ ഒന്നുമുതൽ സെപ്തംബർ 31 വരെയുള്ള മൂന്നുമാസത്തെ വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് അനുവദിക്കാൻ തീരുമാനിച്ചു.

## 10. PW1-7039/13

നഗരസഭയിലെ അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതിയുടെ 2016-17 വർഷത്തെ ആക്ഷൻപ്ലാൻ, ലേബർ ബജറ്റ് എന്നിവ തയ്യാറാക്കിയത് കൗൺസിൽ അംഗീകാരത്തിനായി

**ആക്ഷൻ പ്ലാൻ**

| പ്രവൃത്തിയുടെ എണ്ണം | ആകെ തൊഴിൽ ദിനങ്ങൾ | മിനിമം കൂലി | തുക |
|---|---|---|---|
| 827 | 78054 | 212 | 1,83,86,000/- |

**ലേബർ ബജറ്റ്**

| 2016-17ൽ തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം. | ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 2016-17 ൽ പ്രതീക്ഷിക്കുന്ന ചിലവ് | 2016-17ൽ100 തൊഴിൽ ദനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 5074 | 78054 | 78054 | 1,83,86,000/- | 85 |

**തീരുമാനം**

അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

## 11. PW2-1880/16

കോട്ടക്കൽ നഗരസഭയിലെ ഇന്ത്യനൂർ റോഡിൽ താഴെ കോട്ടക്കൽ ജംഗ്ഷൻ മുതൽ കോട്ടപ്പടി ജംഗ്ഷൻ വരെ റോഡിന്റെ ഇരുവശങ്ങളിലും OFC കേബിൾ സ്ഥാപിക്കുന്നതിന് M/s. റിലയൻസ് ജിയോ ഏറണാകുളം എന്ന സ്ഥാപനം അപേക്ഷിച്ചിട്ടുണ്ട്. ടി റോഡിൽ 1400M നീളത്തിൽ 0.50M വീതിയിൽ OFC കേബിൾ സ്ഥാപിക്കാൻ $1M^2$ 1521/-രൂപ നിരക്കിൽ 10,64,700/-രൂപ നഗരസഭയിൽ അടവാക്കി അനുമതി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

ടി വിഷയം വിശദമായി പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 12.PW3-3669/16

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-10-3797 നമ്പർ വാഹനത്തിന് ആവശ്യമായ നാല് ടയറുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതു പ്രകാരം മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്.

1) ഓട്ടോ കെയർ എന്റർ പ്രൈസസ് - 15200/-രൂപ
2) രാജധാനി ടയേഴ്സ് - 15600/-രൂപ
3) ചക്ര ടയേഴ്സ് വീൽ അലൈമെന്റ് - 15800/-രൂപ

മേൽ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഓട്ടോ കെയർ എൻർപ്രൈസസ് എന്ന സ്ഥാപനത്തിന്റ 15200/-രൂപയുടെ ക്വട്ടേഷൻ അംഗീകാരം നൽകികൊണ്ടുള്ള ബഹു. ചെയർമാന്റെ മുൻകൂർ അനുമതി നൽകിയ നടപടി കൗൺസിൽ അംഗീകാരത്തിന്.

**കുറിപ്പ്:** ഓട്ടോ കെയർ എന്റർപ്രൈസസിന് 18/6/2016ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

**<u>തീരുമാനം</u>**

അംഗീകരിച്ചു.

## 13. <u>PW3-8686/16</u>

നഗരസഭയിലെ 29-ാം വാർഡ് പുലിക്കോട് ശ്മശാനം- എണ്ണാരക്കുളം റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുകയും, അപേക്ഷ ഫീസും, മറ്റനുബന്ധ ഫീസുകളും ചേർത്ത് 19300/-രൂപ അടവാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ KSEB കോട്ടക്കലിന്റെ കത്ത് പരിഗണിച്ച് ടി തുക അടവാക്കുന്നതിന് ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകിയ വിഷയം കൗൺസിൽ അംഗീകാരത്തിന്.

**കുറിപ്പ്:** 28/06/2016ന് KSEB അസിസ്റ്റന്റ് എഞ്ചിനീയർക്ക് 19300/-രൂപയുടെ ചെക്ക് നൽകിയിട്ടുണ്ട്.

**<u>തീരുമാനം</u>**

അംഗീകരിച്ചു.

## 14. <u>PW3-11030/16</u>

കോട്ടക്കൽ നഗരസഭയിലെ വാട്ടർ റിസോഴ്സ് ഡെവലെപ്പ്മെന്റ് പഠനം സംബന്ധിച്ച പ്രൊജക്ട് പ്രെപ്പോസൽ 21/7/2016ലെ CWRDM/GWD/KM/2016 നമ്പർ കത്ത് പ്രകാരം സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലെപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ അയച്ചുതന്നിട്ടുണ്ട്. ആയത് കൗൺസിലിന്റെ പരിഗണനയ്ക്ക്.

**<u>തീരുമാനം</u>**

അംഗീകരിച്ചു. 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുവാൻ തീരുമാനിച്ചു.

**15.** 2016 മെയ്, ജൂൺ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ

**<u>തീരുമാനം</u>**

2016 മെയ്, ജൂൺ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

**<u>2016 മെയ്</u>**

| | | |
|---|---|---|
| 1 | **പ്രാരംഭ ബാക്കി** | **66640345** |
| 2 | **രശീതി** | **2147243** |
| 3 | **ആകെ** | **68787588** |
| 4 | **ചെലവ്** | **7159255** |
| 5 | **നീക്കിയിരിപ്പ്** | **61628333** |

**<u>2016 ജൂൺ</u>**

| | | |
|---|---|---|
| 1 | **പ്രാരംഭ ബാക്കി** | **61628333** |
| 2 | **രശീതി** | **2044036** |
| 3 | **ആകെ** | **63672369** |
| 4 | **ചെലവ്** | **3600116** |
| 5 | **നീക്കിയിരിപ്പ്** | **60072253** |

**16.** 2016 ജൂൺ, ജൂലൈ മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സംബന്ധിച്ച്.

**<u>തീരുമാനം</u>**

വായിച്ചു റിക്കാർഡാക്കി.

**17. 2016-17** വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച്.

**തീരുമാനം**

**2016-17** വർഷത്തെ പദ്ധതി അംഗീകരിച്ചു.
(ലിസ്റ്റ് പ്രത്യേകം ചേർക്കുന്നു.)

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

## 18. G3-19737/14

വയോമിത്രം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷത്തെ വിഹിതമായി ലഭിക്കേണ്ട 10 ലക്ഷം രൂപയിൽ 501000/-രൂപ മാത്രം ലഭിച്ചിട്ടുള്ളൂയെന്നും ബാക്കി തുകയായ 499000/-രൂപ ഡി.ഡി.യായി കേരള സാമൂഹ്യ സുരക്ഷാമിഷൻ ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27/7/2016ലെ പി1/3414/2016/KSSM നമ്പർ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** ഓരോ നഗരസഭയിൽ 10 ലക്ഷം രൂപാ വീതം ഈ ഫണ്ടിലേയ്ക്ക് അടവാക്കണമെന്ന് GO(RT) 1209/2013/ത.സ.ഭ.വ. Dt. 6/05/2013 നമ്പർ ഉത്തരവ് ഉള്ളതാണ്.

**തീരുമാനം**

നിയമാനുസൃതമായി ബാക്കി തുക അടവാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 19. G3-4492/14

നിലവിൽ ടെലഫോൺ വാടകയിനത്തിൽ 500/-രൂപയാണ് അനുവദിച്ച് വരുന്നതെന്നും ഇന്റർനെറ്റ് ഉപയോഗിക്കുന്നത് മൂലം പ്രസ്തുത തുക തികയാതെ വരുന്നതിനാൽ ഇന്റർനെറ്റ്, ടെലഫോൺ എന്നിവയുടെ വാടകയിനത്തിൽ പ്രതിമാസം 1000/-രൂപയെങ്കിലും അനുവദിച്ചു തരണമെന്ന് കോട്ടക്കൽ ജി.യു.പി. സ്കൂൾ പ്രധാനാധ്യാപകന്റെ 27/7/2016ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 18/5/2013 ലെ ധനകാര്യ കമ്മറ്റി തീരുമാനപ്രകാരം വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ടെലഫോൺ ബിൽ തുക 500/-രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

**തീരുമാനം**

നഗരസഭ അധികാരപരിധയിലുള്ള കൈമാറികിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും ഇന്റർനെറ്റ്, ഫോൺ ഉപയോഗിക്കുന്നതിനുള്ള ചാർജ്ജ് പരമാവധി 750/-രൂപയാക്കി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.

## 20. PW1-212/13

കോട്ടക്കൽ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.

**തീരുമാനം**

1. താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

**ചെയർമാൻ** : ശ്രീ. കെ.കെ. നാസർ ( നഗരസഭ ചെയർമാൻ)
**കൺവീനർ** : നഗരസഭാ സെക്രട്ടറി
**ജോ - കൺവീനർ** : മുനിസിപ്പൽ എഞ്ചിനീയർ

**അംഗങ്ങൾ** :
1. ശ്രീ. പി. ഉസ്മാൻ കുട്ടി (ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
2. ശ്രീമതി. ടി.വി. സുലൈഖാബി(ചെയർപേഴ്സൺ, മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
3. ശ്രീ. ടി.അലവി (ചെയർമാൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
4. ശ്രീമതി. ടി.വി. മുംതാസ് (ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
5. ശ്രീ. സാജിദ് മങ്ങാട്ടിൽ (ചെയർമാൻ, വിദ്യഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
6. ഒന്നാം ഗ്രേഡ് ഓവർസിയർ

7. ശ്രീ. യു.എ ഷബീർ (ചെയർമാൻ, കോട്ടക്കൽ കോ–ഓപ്പ. അർബൻ ബാങ്ക് & ലൻസ്ഫെഡ്
8. ശ്രീ. കെ. എം റഷീദ് (കില ഫാക്കൽട്ടി)
9. ശ്രീ. സി. എ കരീം (ഡയറക്ടർ, കോട്ടക്കൽ സഹകരണ ഹോസ്പ്പിറ്റൽ)
10. ശ്രീ. നൗഷാദ് ബാബു (പ്രസിഡണ്ട്, കോട്ടക്കൽ സർവ്വീസ് സഹകരണ ബാങ്ക്)
11. ശ്രീ. അബ്ദുറഹീം എന്ന നാണി (കൗൺസിലർ)
12. ശ്രീ. ടി.പി. സുബൈർ (കൗൺസിലർ)
13. ശ്രീമതി. രാജസുലോചന (കൗൺസിലർ)
14. ശ്രീമതി. സഹീറാബി (ചെയർപേഴ്സൺ, സി.ഡി.എസ് )
15. എസ്.സി പ്രൊമോട്ടർ
16. ജില്ലാ ടൗൺ പ്ലാനർ
17. റിസോഴ്സ് പെഴ്സൺ: ശ്രീമതി. ബുഷ്റ ഷബീർ (വൈസ് ചെയർപേഴ്സൺ)

2. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിച്ച കോട്ടക്കൽ മാസ്റ്റർ പ്ലാൻ 2034 പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ കമ്മറ്റിയെ ചുമതലപ്പെടുത്തി.

## 21. H1-11296/16

ജെ.സി.ഐ. കോട്ടക്കൽ ചാപ്റ്റർ കോട്ടക്കൽ നഗരസഭയിലെ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിലേയ്ക്കായി ഒരു കർമ്മ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക്.

**തീരുമാനം**

ഇതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് മൈലാടിയിലുള്ള സമരസമിതി നേതാക്കൾ, പ്രദേശത്തെ കൗൺസിലർമാർ, രാഷ്ട്രീയ പ്രിതിനിധികൾ, വ്യാപാരി പ്രതിനിധികൾ, ജെ.സി.ഐ. ഭാരവാഹികൾ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ നിന്നുള്ള അജൈവ വസ്തുകൾ മൈലാടിയിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ശേഖരിച്ച് വിൽപന നടത്തുന്നതിന് ജെ.സി.ഐ.യെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിന് തീരുമാനിച്ചു. നഗരത്തിലുള്ള ജൈവ മാലിന്യങ്ങൾ എയറോബിക് കമ്പോസ്റ്റിംഗ് രീതി അനുസരിച്ച് നഗരത്തിൽ തന്നെ സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

## 23. G4-16917/15

നഗരസഭാ ചെയർമാന്റെ ലെറ്റർ ഹെഡുകൾ പ്രിന്റ് ചെയ്യുന്നതിന് സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ M/s. ഒറിജിനൽ പ്രസ്സിന്റെ ക്വട്ടേഷൻ ബഹു. ചെയർമാൻ മുൻകൂർ അനുമതി നൽകിയ നടപടി അംഗീകാരത്തിന്.

| | | | | |
|---|---|---|---|---|
| 1) | ഒറിജിനൽ പ്രസ്സ് | 20x297.50 | - | 5950/-രൂപ |
| 2) | റീജിയണൽ ഓഫ്സെറ്റ് പ്രിന്റേഴ്സ് | 20x310 | - | 6200/-രൂപ |
| 3) | സ്പെയിസ് പ്രിന്റ് ആന്റ് ക്രയേഷൻ | 20x325 | - | 6500/-രൂപ |

**തീരുമാനം**

അംഗീകരിച്ചു.

## 24. PW3-11176/15

കേരള സർക്കാറിന്റെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ച വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക്.

**തീരുമാനം**

ഗുണഭോക്താക്കളുടെ അപേക്ഷ സമയബന്ധിതമായി കെ.എസ്.ഇ.ബിയിൽ സമർപ്പിക്കുന്നതിന് കൗൺസിലർമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## 25. PW2-10504/15

M/s. ക്രൂസ് എന്ന സ്ഥാപനവുമായുള്ള എഗ്രിമെന്റ് സംബന്ധിച്ച്.

**തീരുമാനം**

13.06.2016ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ക്രൂസുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥകളിൽ വരുത്തിയ മാറ്റം കൗൺസിൽ അംഗീകരിച്ചു.

**വ്യവസ്ഥകൾ:**

1) കോട്ടക്കൽ നഗരസഭയിലെ 5734 സി.എഫ്.എൽ തെരുവ് വിളക്കുകളും 136 എസ്.വി.എൽ തെരുവ് വിളക്കുകളും എ.എം.സി അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്യുന്നതിന് രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് രേഖാമൂലം വർക്ക് ഓർഡർ നൽകേണ്ടതാണ്.

2) മേൽ തെരുവ് വിളക്കുകൾ സി.എഫ് .എൽ 1 ന് 450രൂപ+സേവന നികുതിയും എസ്.വി.എൽ ഒരെണ്ണത്തിന് (1) ന് 2098 രൂപ+സേവന നികുതിയും രണ്ടാം കക്ഷി അംഗീകരിച്ചിട്ടുള്ളതാണ്.

3) റിപ്പയർ ചെയ്യേണ്ടതായ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണവും സ്ഥാനവും ഇനവും ഈ കരാർ ഉടമ്പടിയുടെ ഭാഗമായി രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് രേഖാമൂലം നൽകുന്നതും പ്രസ്തുത ലിസ്റ്റ് ഈ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നതുമാണ്.

4) മേൽ പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തി മാത്രമെ ഒന്നാം കക്ഷി ഏറ്റെടുത്ത് നടത്തുകയുള്ളു. പ്രസ്തുത തെരുവ് വിളക്കുകൾക്ക് ഒരു (1) വർഷ കാലയളവിലുണ്ടാകുന്ന തകരാറുകൾ ഒന്നാം കക്ഷിയുടെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്.

5) തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാവശ്യമായ അനുമതി കെ.എസ്.ഇ.ബിയിൽ നിന്നും രണ്ടാം കക്ഷി വാങ്ങി നൽകേണ്ടതാണ്.

6) 02.07.2016 തീയതി മുതൽ 01.07.2017 വരെയാണ് ഈ കരാറിന്റെ കാലാവധി.

7) സി.എഫ് എൽ, എസ്.വി.എൽ എന്നിവ റിപ്പയർ ചെയ്യുന്നതിന് നഗരസഭയിൽ നിന്നും യാതൊരുവിധ മെറ്റീരിയൽസും സ്പെയർപാർട്സും ലഭിക്കുന്നതല്ല.

8) ആവശ്യമായ സ്പെയർപാർട്സ് / മെറ്റീരിയൽസ് എന്നിവ ഒന്നാം കക്ഷി വാങ്ങി ഉപയോഗിക്കേണ്ടതാണ്.

9) വാങ്ങുന്ന മെറ്റീരിയൽസ്, സ്പെയർപാർടുസുകൾ ഗുണമേന്മയുള്ളതായിരിക്കണം

10) ലൈറ്റുകൾ, ഔട്ടർബോഡി, ഫ്രെയിം ഗ്ലാസ് എന്നിവ റിപ്പയർ ചെയ്യേണ്ടിവരികയോ മാറ്റിസ്ഥാപിക്കേണ്ടി വരികയോ ചെയ്യേണ്ടിവന്നാൽ അപ്രകാരം ചെയ്തിരിക്കേണ്ടതാണ്.

11) ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഇലക്ട്രിക് പോസ്റ്റുകളിൽ കയറുന്നതിന് മുമ്പായി കെ.എസ്.ഇ.ബി അധികൃതരുമായി ബന്ധപ്പെടേണ്ടതും വൈദ്യുതി ബന്ധം വിച്ഛേദിപ്പിച്ചിരിക്കേണ്ടതുമാണ്. ഇലക്ട്രിക് പോസ്റ്റുകളിൽ കയറുമ്പോൾ അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ ഒന്നാം കക്ഷി സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്തിരിക്കേണ്ടതാണ്. എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുന്നപക്ഷം ആയതിന് നഗരസഭയ്ക്ക് യാതൊരു ബാധ്യതയും ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

12) 32 വാർഡുകളിൽ നിലവിൽ കേടായി കിടക്കുന്ന ലൈറ്റുകൾ റിപ്പയർ പ്രവർത്തികൾ കരാർ തിയതി മുതൽ 60 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതും പിന്നീടുള്ള റിപ്പയർ പ്രവർത്തികൾ നഗരസഭ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പരാതി പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരം പരാതികൾ പരിശോധിച്ച് സാധാരണ നിലയിൽ 48 മണിക്കൂറിനുള്ളിൽ പരിഹരിക്കേണ്ടതും പരിഹരിച്ച വിവരം ബന്ധപ്പെട്ട വാർഡ് കൗൺസിലർ/പബ്ലിക് വർക്സ് ഓവർസീയർ/ മുനിസിപ്പൽ എഞ്ചിനീയർ എന്നിവരെ ബോധ്യപ്പെടുത്തേണ്ടതുമാണ്

13) ബിൽ തുകയുടെ 50% ഒന്നാംഘട്ട റിപ്പയർ പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്കും ബാക്കി വരുന്ന തുക 3 തുല്യ ഗഡുക്കളായും കരാർ കാലവധിക്കുള്ളിൽ 2–ാം കക്ഷി ഒന്നാം കക്ഷിയ്ക്ക് നൽകേണ്ടതാണ്.

14) ഒരു ലൈറ്റ് എത്ര പ്രാവശ്യം കേടുവന്നാലും ആയത് അത്രയും തവണ റിപ്പയർ ചെയ്യേണ്ടതാണ്.

15) എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പരാതി പുസ്തകത്തിൽ രേഖപ്പെടുത്തിയ റിപ്പയർ പ്രവൃത്തികൾ കാലാവധി കഴിഞ്ഞാലും പൂർത്തീകരിക്കേണ്ടതാണ്.

16) കേടുവന്ന ലൈറ്റുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പയർ ചെയ്യാതിരിക്കുകയോ ചെയ്യാതിരിക്കുന്നതിന് തക്കതായ കാരണം രേഖാമൂലം അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം കൗൺസിൽ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഒന്നാം കക്ഷി നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

17) കേടുവന്ന ലൈറ്റ് യൂണിറ്റ് മൊത്തം മാറ്റേണ്ടി വന്നാൽ ആയത് നഗരസഭ എഞ്ചിനീയറെ ബോധ്യപ്പെടുത്തി പ്രസ്തുത ലൈറ്റ് എ.എം.സി. ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

18) ഈ കരാറുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും കാസർഗോഡ് ജില്ലാ കോടതിയുടെ പരിധിയിൽ വരുന്നതായിരിക്കും.

**26.** ചങ്കുവെട്ടിയിലെ ഹൈമാസ്റ്റ് ലൈറ്റ്, സർക്കാറിന്റെ 25.07.2016ലെ സ.ഉ. (സാധാ) നം.2238/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം, എ.എം.സി. വ്യവസ്ഥയിൽ റിപ്പയർ ചെയ്യുന്നതിന് ടെണ്ടർ വിളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**27.** എ.കെ.എം. ഹയർ സെക്കന്റി സ്കൂളിലെ എസ്.പി.സി.യുടെ ചെലവിലേയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരം 50,000/–രൂപ അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**28.** രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് ഇല്ലാത്തതിനാൽ പ്രസ്തുത വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു പാർട്ട് ടൈം നോൺ ടീച്ചിംഗ് സ്റ്റാഫിനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**29.** ചെയർമാൻ ഫണ്ടിലേയ്ക്ക് ധനസമാഹരണം നടത്തുന്നതിന് കോട്ടക്കൽ ഗവ. രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് ചെയർമാൻ ട്രോഫി ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും ടി പരിപാടിയെ വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. മേൽ പരിപാടി പൂർണ്ണമായും വിജയിപ്പിക്കേണ്ടതിനാൽ നഗരസഭ പരിധിയിൽ നടത്തുന്ന മറ്റ് ഫുട്ബോൾ ടൂർണ്ണമെന്റുകളെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാറിനോട് ശുപാർശ ചെയ്യേണ്ടതില്ലായെന്നും തിരുമാനിച്ചു.

**30.** കോട്ടക്കൽ നഗരസഭയിലെ വാർഡ് 28ലും സമീപ പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമായതിനാൽ ഈ പ്രദേശത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഹോംസ്റ്റൈൽ ഗ്രൂപ്പിന്റെ 14 നിലയുള്ള ആഡംബര ഫ്ളാറ്റ് സമുച്ചയത്തിന് അനുമതി നൽകരുതെന്നും അനുമതി നൽകുകയാണെങ്കിൽ വൻ ജനകീയ പ്രക്ഷോഭം നേരിടേണ്ടിവരുമെന്നും 22–ാം വാർഡ് കൗൺസിലർ എം. അബ്ദുള്ളകുട്ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കരുതെന്ന് ടി വാർഡ് കൗൺസിലറിന് പുറമെ കൗൺസിലർമാരായ ശ്രീ. എം. അഹമ്മദ്(വാർഡ് 28), ശ്രീമതി. വഹീദ പുളിക്കൽ (വാർഡ് 27) എന്നിവർ രേഖാമൂലം അറിയിച്ചു.

ഇതു സംബന്ധിച്ച് നിയമവശം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(യോഗം **5.10**ന് അവസാനിച്ചു.)

(ഒപ്പ്)

**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**